**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2674** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri A. K. Balan**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തി; വിശദാംശം നൽകുമോ; | (എ) | പട്ടികവിഭാഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങളിൽ ഈ സർക്കാരിന്റെ കാലയളവിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. പട്ടികജാതി വിഭാഗം പട്ടികജാതി വിഭാഗത്തിലെ വിവാഹ ധനസഹായ പദ്ധതി പ്രകാരമുള്ള ധനസഹായ തുക 50,000/-രൂപയിൽ നിന്ന് 75,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. മിശ്രവിവാഹ ധനസഹായ തുക 50,000/-രൂപയിൽ നിന്ന് 75,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. പട്ടികജാതി കുടുംബങ്ങളിലെ ഏകവരുമാന ദായകനായ വ്യക്തി മരണപ്പെടുമ്പോൾ കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായ തുക 50,000/-രൂപയിൽ നിന്ന് 2,00,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. സാഹിത്യകാരൻമാരുടെ കൃതികൾ പ്രസിദ്ധീകരിക്കുന്ന പദ്ധതി പ്രകാരമുള്ള ധനസഹായ തുക 20,000/-രൂപയിൽ നിന്ന് 40,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ ധനസഹായം 3,00,000/-രൂപയിൽ നിന്ന് 4,00,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്ന മരണാനന്തര ചെലവുകൾക്കുള്ള ധനസഹായം 2000/-രൂപയിൽ നിന്ന് 5000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികജാതിയിലെ ദുർബല വിഭാഗങ്ങളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസഹായ തുക വർദ്ധനവ് വരുത്തിയിട്ടുണ്ട്. ദുർബല വിഭാഗങ്ങൾക്ക് ഭൂമി വാങ്ങാൻ തുക ഏകീകരിച്ച് 5,00,000/-രൂപയാക്കി, ഭവന പുനരുദ്ധാരണ തുക 50,000/-രൂപയിൽ നിന്ന് 1,50,000/-രൂപയായി ഉയർത്തി ടോ¤¸§റ്റ് നിർമ്മാണ ധനസഹായം 25,000/-രൂപയിൽ നിന്ന് 40,000/-രൂപയായി വർദ്ധിപ്പിച്ചു. ഭവനമില്ലാത്ത |

കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനായി ധനസഹായ തുക 4,00,000/- നിന്ന് 6,00,000/-മായി വർദ്ധിപ്പിച്ചു. എട്ട് കിലോമീറ്റർ ദൂര പരിധിയിലുള്ള പി.ഇ.റ്റി.സി വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 100/- രൂപയിൽ നിന്ന് 200/-രൂപയായും എട്ട് കിലോമീറ്റർ ദൂര പരിധിയ്ക്ക് പുറത്തുള്ള പി.ഇ.റ്റി.സി വിദ്യാർത്ഥികളുടെ പ്രതിമാസ സ്റ്റൈപന്റ് 400 രൂപയിൽ നിന്ന് 800/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. എല്ലാ SC/ST/OBC വിദ്യാർത്ഥികളുടെയും ലംപ്സംഗ്രാന്റ്, സ്റ്റൈപൻഡ് പോക്കറ്റ് മണി എന്നീ ആനുകൂല്യങ്ങൾ 50% വർദ്ധിപ്പിച്ചു. സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്ന പോസ്റ്റ്മെട്രിക് വിദ്യാർത്ഥികളുടെ Actual Boarding & Lodging Charges (ABLC) 3500/-ൽ നിന്ന് 4500/-രൂപയാക്കി ഉയർത്തി. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം രണ്ട് തവണ വിദ്യാഭ്യാസ ആനുകൂല്യം വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗം അരിവാൾ രോഗികൾക്ക് നൽകിവരുന്ന പ്രതിമാസ ധനസഹായം 2000/-രൂപയിൽ നിന്ന് 2500/-രൂപയായി വർദ്ധിപ്പിച്ചു. ജനനീ ജന്മ രക്ഷാ പദ്ധതി പ്രകാരമുള്ള പ്രതിമാസ ആനുകൂല്യം 1000/-രൂപയിൽ നിന്ന് 2000/-രൂപയായി വർദ്ധിപ്പിച്ചു. ഏകവരുമാനദായകന്റെ മരണം മൂലം കഷ്ടത അനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കുന്ന ധനസഹായ തുക 50,000/-രൂപയിൽ നിന്ന് 2,00,000/-രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാനത്തെ എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കുള്ള ലംസംഗ്രാന്റ് നേഴ്സറി തലത്തിൽ 500/-രൂപയായും, 1 മുതൽ 4 വരെ 750/-രൂപയായും, 5 മുതൽ 8 വരെ 900/-രൂപയായും, 8 മുതൽ 10 വരെ 1000/-രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രീമെട്രിക്/പോസ്റ്റ്മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടിവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 20% വർദ്ധിപ്പിച്ചു. പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ് തുക 25,00,000/-രൂപ അനുവദിക്കാൻ ഉത്തരവായിട്ടുണ്ട്. വിവാഹ ധനസഹായം 50,000/-രൂപയിൽ നിന്ന് 1,00,000/-രൂപയായി വർദ്ധിപ്പിച്ചു. പ്രീമെട്രിക് ഹോസ്റ്റലുകളിലെയും എസ്.എസ്.എൽ.സി വരെ പഠിക്കുന്ന വിദ്യാർത്ഥികളുടെ മെസ്സ്ചാർജ്ജിനത്തിലുള്ള തുക 2000/-രൂപയിൽ നിന്ന് 3000/-രൂപയായും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലും, ഹയർ സെക്കന്ററി ക്ലാസുകളിൽ

| | | | |
|---|---|---|---|
| | | | പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്കും മെസ്സ് ചാർജ്ജിനത്തിലുള്ള 2300/-രൂപയിൽ നിന്നും 3450/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കുള്ള മന്ത്രിയുടെ ചികിത്സാസഹായം നിലവിൽ എത്രയാണ്; അത് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാൾ അപകടത്തെ തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/-രൂപ ധനസഹായം അനുവദിക്കുന്നു. ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സയ്ക്കായി 1,00,000/-രൂപ വരെ ധനസഹായം അനുവദിക്കുന്നു. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രത അനുസരിച്ച് 50,000/-രൂപ വരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ചികിത്സാ ധനസഹായ തുക വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ